DWCD/2615/2023-WEC4

I/101545/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക .ജി. IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് –ഡിസ്ട്രിക്ട് ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ - പ്രവർത്തനത്തിനു തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:

1. 14..07.2022 തീയതിയിലെ D.NO.WW-23/1/2021/WW നമ്പർ കേന്ദ്ര സർക്കാർ കത്ത്.
2. 26.12.2022 തീയതിയിലെ സ.ഉ(സാധാ) നം.562/2022/വ.ശി.വി.വ നമ്പർ സർക്കാർ ഉത്തരവ്.
3. 07.03.2023 തീയതിയിലെ NHEW/2/2022-NHEW(103200) നമ്പർ കേന്ദ്ര സർക്കാർ കത്ത്.
4. 10.04.2023 തീയതിയിലെ സ.ഉ(സാധാ) നം. 173/2023/വ.ശി.വി.വ നമ്പർ സർക്കാർ ഉത്തരവ്.
5. 18.04.2023 തീയതിയിലെ DWCD/4226/2022-WEC4 നമ്പർ ഉത്തരവ്.
6. 30.03.2023 തീയതിയിലെ സ.ഉ(സാധാ) നം.165/2023/വ.ശി.വി.വ നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ് നം. DWCD/2615/2023-WEC4; തീയതി: 19-06-2023**

സ്ത്രീ ശാക്തീകരണം, സുരക്ഷ എന്നിവ ഉറപ്പ് വരുത്തുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ശക്തി പദ്ധതി നടപ്പാക്കുന്നതിന് പരാമർശം(1) പ്രകാരം കേന്ദ്രസർക്കാർ മാർഗനിർദേശം പുറപ്പെടുവിക്കുകയും അപ്രകാരം മിഷൻ ശക്തി പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി ടി പദ്ധതിയുടെ ഘടകമായ ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ നടപ്പാക്കുന്നതിന് അനുമതി നൽകി പരാമർശം(2) പ്രകാരം സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ പദ്ധതി നടപ്പാക്കുന്നതിനായി പരാമർശം(3) പ്രകാരം കേന്ദ്ര റിലീസ് തുക ലഭിക്കുകയും ആയത് പരാമർശം(4) സർക്കാർ ഉത്തരവിന് വിധേയമായി സംസ്ഥാന വിഹിതം തുക ഉൾപ്പെടെ പരാമർശം(5) ഉത്തരവ് പ്രകാരം ടി പദ്ധതി നടപ്പാക്കുന്നതിനായി വനിത ശിശു വികസന ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം, എം.ജി റോഡിൽ പഞ്ചാബ് നാഷണൽ ബാങ്കിൽ 0300101100000042 അക്കൗണ്ട് നമ്പരായി ആരംഭിച്ചിട്ടുള്ള (IFSC Code -PUNB0030010) PFMS SNA അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമണിലെ ജീവനക്കാർക്ക് പ്രതിമാസ വേതനം നിശ്ചയിച്ച് പരമാർശം(6) പ്രകാരം ഉത്തരവായിട്ടുണ്ട്.

ടി പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ജില്ലതലത്തിൽ ഡിസ്ട്രിക്ട് ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ രൂപീകരിക്കുന്നതിന്റെ ഭാഗമായി ജീവനക്കാരെ നിയമിക്കുന്നതിനും ഓഫീസ് സജ്ജീകരണം ഏർപ്പെടുത്തുന്നതിനുള്ള ബഡ്ജറ്റ് സമർപ്പിക്കുന്നതിനും എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാരോടും ആവശ്യപ്പെടുകയും അപ്രകാരം ജില്ലകളിൽ നിന്നും ബഡ്ജറ്റ് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ടി സാഹചര്യത്തിൽ ഡിസ്ട്രിക്ട് ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമണിന്റെ

I/101515/2023

പ്രവർത്തനത്തിനു വിവിധ ഘടകങ്ങളിൽ തുക അനുവദിക്കാവുന്നതാണ്. അനുവദിക്കേണ്ട തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| Sl.No. | Name of District | Administrative cost for 2 months @25000 per month(PFMS Code No.1.6) | District Hub for Empowerment Management Cost(PFMS Code No.1.5) | Non-Recurring Cost(Computer peripherals, Telephone etc)(PFMS Code No.1.7) | Total amount admissible per district & Amount to be set as limit via PFMS |
|---|---|---|---|---|---|
| 1 | Thiruvananthapuram | 50000 | 678000 | 700000 | 1428000 |
| 2 | Kollam | 50000 | 678000 | 496107 | 1224107 |
| 3 | Pathanamthitta | 50000 | 678000 | 519836 | 1247836 |
| 4 | Alappuzha | 50000 | 692193 | 558000 | 1300193 |
| 5 | Kottayam | 50000 | 678000 | 341000 | 1069000 |
| 6 | Idukki | 50000 | 678000 | 532527 | 1260527 |
| 7 | Ernakulam | 50000 | 678000 | 638305 | 1366305 |
| 8 | Thrissur | 50000 | 678000 | 522000 | 1250000 |
| 9 | Palakkad | 50000 | 691165 | 645000 | 1386165 |
| 10 | Malappuram | 50000 | 560500 | 555998 | 1166498 |
| 11 | Wayanad | 50000 | 518000 | 594000 | 1162000 |
| 12 | Kozhikkode | 50000 | 678000 | 698448 | 1426448 |
| 13 | Kannur | 50000 | 678000 | 590179 | 1318179 |
| 14 | Kasargode | 50000 | 678000 | 676354 | 1404354 |
| **Total** | | **700000** | **9241858** | **8067754** | **18009612** |

ടി സാഹചര്യത്തിൽ ഡിസ്ട്രിക്ട് ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ നടപ്പാക്കുന്നതിനായി മേൽ പട്ടിക പ്രകാരം Administrative cost, Management Cost, Non-Recurring Cost എന്നീ ഘടകങ്ങളിലായി എല്ലാ ജില്ലകൾക്കുമായി ആകെ 1,80,09,612/-(ഒരു കോടി എൺപത് ലക്ഷത്തി ഒൻപതിനായിരത്തി അറുനൂറ്റി പന്ത്രണ്ട് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. ടി തുകയിൽ 60% തുകയായ 1,08,05,767/-രൂപ കേന്ദ്ര വിഹിതവും 72,03,845/- രൂപ സംസ്ഥാന വിഹിതവുമാണ്.

ടി തുക ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ പദ്ധതി നടപ്പാക്കുന്നതിനായി വനിത ശിശു വികസന ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം, എം.ജി റോഡിൽ പഞ്ചാബ് നാഷണൽ ബാങ്കിൽ 0300101100000042 അക്കൗണ്ട് നമ്പരായി ആരംഭിച്ചിട്ടുള്ള (IFSC Code -PUNB0030010) PFMS SNA

അക്കൗണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതും മേൽ പട്ടിക പ്രകാരം ഓരോ ജില്ലയ്ക്കും തുക ലിമിറ്റ് നിശ്ചയിച്ച് PFMS അക്കൗണ്ട് മുഖേന ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക് നൽകേണ്ടതുമാണ്.

ജില്ല വനിത ശിശു വികസന ഓഫീസർമാർ പരമാർശം(1),(6) ഉത്തരവുകൾക്ക് വിധേയമായി തുക വിനിയോഗിക്കേണ്ടതും യു.സി/ എസ്.ഒ.ഇ എന്നിവ യഥാസമയം സമർപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

പകർപ്പ് : എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും.

1. സൂപ്രണ്ട്, എ സെക്ഷൻ(തുക അനുവദിക്കുന്നതിനായി)
2. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Signed by Priyanka G
Date: 19-06-2023 16:36:21